ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/4219/2025-GEA2 തീയതി: 15-04-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -തദ്ദേശ സ്വയംഭരണ (മുനിസിപ്പൽ കോമൺ സർവ്വീസ്) വകുപ്പിലെ HDV ഡ്രൈവർ ഗ്രേഡ് II ആയ ശ്രീ.അൻജിത്ത് കെ ലാലിനെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:
1. കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ എറണാകുളം റീജിയണൽ ഓഫീസറുടെ 11/12/2015 ലെ RE III (3)870/2015-32 നമ്പർ നിയമന ശുപാർശ
2. കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ എറണാകുളം ജില്ലാ ഓഫീസറുടെ 31/03/2018 ലെ RE II (2)2856/11 നമ്പർ നിയമന ശുപാർശ
3. 28/04/2023 തീയതിയിലെ LSGD/PD/27514-DEE5 നമ്പർ ഉത്തരവ്
4. തസ്വഭവ എറണാകുളം ജില്ലാ ജോയിൻറ് ഡയറക്ടറുടെ 13.01.2025 ലെ LSGD/JD/EKM/315/2025-D9 കത്ത്
5. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 05/05/2023 തീയതിയിലെ LSGD/PD/12377/2023-GEA4 നമ്പർ ഉത്തരവ്
6. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 10.06.2024 ലെ LSGD/PD/6697/2024-GEA2 ഉത്തരവ്
7. നഗരകാര്യ ഡയറക്ടറുടെ 19.01.2016 ലെ നം.E4-28946/15 ഉത്തരവ്

തദ്ദേശ സ്വയംഭരണ (മുനിസിപ്പൽ കോമൺ സർവ്വീസ്) വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II (HDV) തസ്തികയിൽ സൂചന (1) പ്രകാരം നിയമന ശുപാർശ ചെയ്യപ്പെട്ട് കൊച്ചി നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.അൻജിത്ത് കെ.ലാൽ-ന് മോട്ടോർ വാഹന വകുപ്പിൽ സൂചന (2) പ്രകാരം നിയമനം ലഭിച്ചതിനെ തുടർന്ന് 18.05.2018-ൽ മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് മോട്ടോർ വാഹന വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചിരുന്നു. മാതൃവകുപ്പായ മുനിസിപ്പൽ കോമൺ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീ.അൻജിത്ത് കെ. ലാലിനെ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ചും കൊച്ചി നഗരസഭയിൽ ഡ്രൈവർ ഗ്രേഡ് II (HDV) തസ്തികയിൽ നിയമിച്ചും സൂചന (3) പ്രകാരം തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്. മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പിലെ ഡ്രൈവർ ഗ്രേഡ് II (HDV) തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീ.അൻജിത് കെ. ലാൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാളെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സൂചന (4)

പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ആയത് പ്രകാരം തദ്ദേശ സ്വയംഭരണ (മുനിസിപ്പൽ കോമൺ സർവ്വീസ്) വകുപ്പിലെ ഡ്രൈവർ ഗ്രേഡ് II (HDV) തസ്തികയിലെ ജീവനക്കാരുടെ 31.01.2023 അടിസ്ഥാനമാക്കിയുള്ള സൂചന (5) അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീ.അൻജിത്ത് കെ.ലാൽ-നെ ടിയാളുടെ നിയമന ശുപാർശ തീയതിയായ 11.12.2015 അടിസ്ഥാനമാക്കി ഉൾപ്പെടുത്തേണ്ടതുണ്ട്. സമാന രീതിയിൽ മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II (HDV) തസ്തികയിൽ തിരികെ പ്രവേശിപ്പിച്ചിരുന്ന ശ്രീ. വിനോദ്കുമാർ.പി-യെ (നിയമന ശുപാർശ തീയതി-11.12.2015) സൂചന (6) പ്രകാരം ക്രമ നം. 69A ആയി സൂചന (5) അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവായിരുന്നു. ഡ്രൈവർ ഗ്രേഡ് II (HDV) തസ്തികയിലെ സൂചന (7) നിയമന ഉത്തരവിലെ സ്ഥാനക്രമത്തിന് അനുസൃതമായി ശ്രീ.അൻജിത് കെ. ലാൽ-നെ ഡ്രൈവർ ഗ്രേഡ് II (HDV) തസ്തികയിലെ സൂചന (5) സീനിയോറിറ്റി പട്ടികയിൽ ക്രമ നം.69 A ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.വിനോദ്കുമാറിനും ക്രമ നം.70.ശ്രീ.രാജേഷ്.സി-യ്ക്കും ഇടയിലായി ക്രമ നം. 69 B ആയി ഉൾപ്പെടുത്തുന്നതിന് താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താത്ക്കാലിക തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപം ഉള്ളവർ ആയത് ആവശ്യമായ രേഖകൾ സഹിതം ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ഉചിത മാർഗ്ഗേണ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ആക്ഷേപങ്ങളൊന്നും ലഭ്യമാകാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ പ്രസ്തുത താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Sonia Washington
SENIOR ADMINISTRATIVE OFFICER

ഉള്ളടക്കം :

1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടറന്മാർക്കും
2. ശ്രീ. അൻജിത്ത് കെ.ലാൽ ഡ്രൈവർ ഗ്രേഡ് II (HDV) കൊച്ചി നഗരസഭ (ജില്ലാ ജോയിൻറ് ഡയറക്ടർ, എറണാകുളം മുഖേന)
3. IE സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ്
4 ഐ.റ്റി.സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5 കരുതൽ/അധികം